# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 373      25.06.2014 -ൽ മറുപടിക്ക്

### ജനനീ ശിശു സുരക്ഷാ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ :<br>,, ഇ. കെ. വിജയൻ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>,, ഗീതാ ഗോപി : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ജനനീ ശിശു സുരക്ഷാ പദ്ധതി ആരംഭിച്ചതെന്നാണ് ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിനകം ഈ പദ്ധതിക്ക് എത്ര കേന്ദ്ര സഹായം ലഭിച്ചു ; | (എ) | പ്രസ്തുത പദ്ധതി കേരളത്തിൽ 2012 ഓഗസ്റ്റ് മാസം മുതൽ നടപ്പിലാക്കി വരുന്നു. ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രമം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, 30 ദിവസം വരെയുള്ള നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായ് ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്. ഭാരത സർക്കാരിന്റെ പുതിയ മാനദണ്ഡപ്രകാരം ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.<br>ഇതിനകം ഈ പദ്ധതിക്ക് 2012-13 സാമ്പത്തിക വർഷം 23.43 കോടി രൂപയും 2013-14 സാമ്പത്തിക വർഷം 17.85 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയത് ; ജീവനക്കാർക്ക് ഇതിനുവേണ്ടി എന്തെല്ലാം പരിശീലനങ്ങൾ നൽകി ; | (ബി) | ജനനി സുരക്ഷാ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 13 ആശുപത്രികളിൽ സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റുകൾ സജ്ജമാക്കി. തെരഞ്ഞെടുത്ത 47 ആശുപത്രികളിൽ ന്യൂബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകൾ സജ്ജമാക്കിയിട്ടുണ്ട്. തെരഞ്ഞെടുത്ത 2 ആശുപത്രികളിൽ ലേബർ റൂമുകളുടെ |

(.....2)

നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തെരഞ്ഞെടുത്ത 5 ആശുപത്രികളിൽ ലേബർ റൂമിലേക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി നൽകി വരുന്നു.

ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആശുപത്രികളിലെ സൂപ്രണ്ടുമാർക്കും, ലേ സെക്രട്ടറിമാർക്കും, അക്കൗണ്ട്സ് ഓഫീസർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും പ്രസ്തുത പദ്ധതിയെക്കുറിച്ചുള്ള പരിശീലനം നൽകി കഴിഞ്ഞു.

(സി) ഈ പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത് ; ഇതിനകം എത്രപേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾ നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതി പ്രകാരം സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, 30 ദിവസം വരെയുള്ള നവജാത ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽ നിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാ സൗകര്യം, പ്രസവത്തിനായ് ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ നൽകി വരുന്നു. ഭാരത സർക്കാരിന്റെ പുതിയ മാനദണ്ഡപ്രകാരം ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാകുന്നതാണ്.

ഇതുവരെ ലഭ്യമായ റിപ്പോർട്ട് അനുസരിച്ച് 343657 അമ്മമാർക്കും 30946 കുട്ടികൾക്കും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

(ഡി) ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തു കൊണ്ടാണെന്ന് വിശദമാക്കുമോ ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ